# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 17, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി**

**വൈദ്യുതിലൈനിൽനിന്ന് ഷോക്കേറ്റ് ഉണ്ടാകുന്ന മരണങ്ങൾ ഒഴിവാക്കാൻ നടപടി**

*31 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊട്ടിവീണതും താഴ്ന്ന് കിടക്കുന്നതുമായ വൈദ്യുതിലൈനിൽ നിന്ന് ഷോക്കേറ്റ് സംസ്ഥാനത്ത് തുടർച്ചയായി മരണങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വൈദ്യുതിലൈനിൽ നിന്ന് ഷോക്കേറ്റ് കൊല്ലം തേവലക്കര സ്കൂളിലെ പതിമൂന്നുകാരനായ വിദ്യാർത്ഥിയടക്കം നൂറോളം പേർ കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ മരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

**ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ പദ്ധതി**

*32 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡ്രജൻ സമ്പദ് വ്യവസ്ഥയിലേക്കുള്ള വലിയ ചുവടുവയ്പ്പായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ പദ്ധതിക്ക് കേന്ദ്രാനുമതി

നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെയുണ്ടാകുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ;

(ഡി) ഹരിത ഹൈഡ്രജൻ നയം രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>കേന്ദ്ര നയം മൂലം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ നേരിടുന്ന പ്രതിസന്ധികൾ</u>**

*33 **ശ്രീ. കെ. പ്രേംകുമാർ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ-യു. കെ. സ്വതന്ത്ര വ്യാപാര കരാർ രാജ്യത്ത് പൊതുവിലും സംസ്ഥാനത്ത് പ്രത്യേകിച്ചും ഏറ്റവും കൂടുതൽ തൊഴിൽദാതാക്കളായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രത്തിന്റെ നയസമീപനങ്ങളാലും കേന്ദ്ര അവഗണനയാലും സംസ്ഥാനത്തെ എം. എസ്. എം. ഇ. കൾ നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്ത് ഈ മേഖലയിൽ പുത്തൻ ഉണർവ്വ് പകരുന്നതിന് സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ചെറുകിട വ്യവസായങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് സംസ്ഥാനത്ത് സ്മാർട്ട് സമ്പദ് വ്യവസ്ഥ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**<u>വ്യവസായ സംരംഭങ്ങൾ കൂടുതൽ ആകർഷകമാക്കാൻ നടപടി</u>**

*34 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ കൂടുതൽ ആകർഷകമാക്കാൻ വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2021-2022 വർഷത്തിൽ ആരംഭിച്ച ഒരു ലക്ഷം സംരംഭം പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(സി) മിഷൻ 1000 പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തേക്ക് കൂടുതൽ വ്യവസായങ്ങൾ ആകർഷിക്കുന്നതിനുവേണ്ടി ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ ആവിഷ്കരിച്ച പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക്, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ഇ) വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് ഭൂമി അനുവദിച്ച നൽകുന്നതിനുള്ള നടപടിക്രമം ലളിതമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കയർ മേഖലയുടെ വിപണി വിപുലീകരണം

*35 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ ഉല്പന്ന വൈവിധ്യവൽക്കരണത്തിനും ആഭ്യന്തര - വിദേശ വിപണി വിപുലീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ കയർ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കാമോ;

(സി) രണ്ടാം കയർ വ്യവസായ പുനഃസംഘടനയുടെ ഭാഗമായി ചെറുകിട ഉല്പാദക സൊസൈറ്റികൾക്ക് നൽകിയിട്ടുള്ള മെഷീനറികൾ, കയർപിരി യന്ത്രങ്ങൾ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും അതുവഴി കയർ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഇ) ചകിരി, കയർ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും ഉല്പാദന വർദ്ധനവിനുമായി കയർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രവർത്തന മൂലധനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ

*36 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) നിലവിലെ മാനദണ്ഡങ്ങളിൽപ്പെടാത്ത, ജനോപകാരപ്രദമായ പദ്ധതികൾകൂടി ഉൾപ്പെടുത്തി പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികൾ അടിയന്തരമായി

പൂർത്തിയാക്കുമോയെന്ന് അറിയിക്കുമോ?

## പി. എം. കുസും പദ്ധതി പ്രകാരമുള്ള ടെൻഡർ

*37 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് സൗരോർജ പമ്പുകൾ നൽകാനുള്ള പി. എം. കുസും പദ്ധതിയുമായി ബന്ധപ്പെട്ട കരാറിൽ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) അഞ്ച് കോടി രൂപയ്ക്ക് മാത്രം ടെൻഡർ വിളിക്കാൻ അധികാരമുള്ള അനെർട്ട് സി. ഇ. ഒ. ഇരുന്നൂറ്റി നാൽപത് കോടി രൂപയുടെ ടെൻഡർ വിളിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നിയമപരമാണോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെയാണോ അനെർട്ട് സി. ഇ. ഒ. പ്രസ്തുത ടെൻഡർ വിളിച്ചതെന്ന് വ്യക്തമാക്കാമോ?

## ശബരിമല വികസനം

*38 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനായി ബജറ്റിൽ മൂന്ന് വർഷമായി വകയിരുത്തിയ തുക പൂർണ്ണമായും ദേവസ്വം ബോർഡിന് നൽകിയിട്ടില്ല എന്നത് വസ്തുതയാണോയെന്ന് വ്യക്തമാക്കാമോ;

(ബി) 2016-2021-ലെ സർക്കാരും നിലവിലെ സർക്കാർ നാളിതുവരെയും ശബരിമലയുടെ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് ശബരിമല വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ നടപടികളടക്കം നടത്തിയിട്ടും ശബരിമല വികസനം മുടങ്ങിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

## കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ

*39 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മികച്ച ബാങ്കിംഗ് സ്ഥാപനങ്ങളോട് കിടപിടിക്കുന്ന തരത്തിൽ കേരള ബാങ്കിന്റെ പ്രവർത്തനങ്ങളെ വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രാജ്യത്തെ പ്രമുഖ വാണിജ്യ ബാങ്കുകളോട് മത്സരിച്ച് വായ്പാ വിതരണത്തിൽ സഹകരണ ബാങ്കുകളിൽ ഒന്നാം സ്ഥാനമെന്ന അപൂർവ്വ നേട്ടം കൈവരിക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള ബാങ്കിന്റെ അറ്റാദായം വർദ്ധിച്ചിട്ടുണ്ടോ; റിസർച്ച് ബാങ്ക് നിഷ്കർഷിക്കുന്ന മൂലധന പര്യാപ്തത നിലനിർത്താൻ ബാങ്കിന് കഴിയുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>ജി.എസ്.ടി. വരുമാനത്തിലുണ്ടാകുന്ന നഷ്ടം</u>**

*40 **ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. സ്ലാബുകൾ രണ്ടായി കുറച്ചതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം എത്രയായിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വരുമാന നഷ്ടം സംസ്ഥാനത്തിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും നഷ്ടപരിഹാരം നേടിയെടുക്കാൻ ശ്രമിക്കുന്നുണ്ടോയെന്നും ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനത്തിലെ വ്യതിയാനം</u>**

*41 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നശേഷം നികുതി വരുമാനത്തിലെ വ്യതിയാനം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) റിട്ടേൺ ഫയൽ ചെയ്യുന്നവരിലുള്ള എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; റിട്ടേൺ ഫയൽ ചെയ്യുന്നതിലെ സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാർ പുതുതായി ജി.എസ്.ടി. സ്ലാബിൽ വരുത്തിയ മാറ്റങ്ങൾ സംസ്ഥാനത്തെ ഏതൊക്കെ രീതിയിലാണ് ബാധിക്കുന്നതെന്നും നഷ്ടം സംഭവിക്കുന്നുണ്ടെങ്കിൽ എപ്രകാരം പരിഹരിക്കാമെന്നാണ് കേന്ദ്ര നിർദേശം ലഭിച്ചിരിക്കുന്നതെന്നും വിശദമാക്കുമോ?

## വൈദ്യുതി വിതരണ-സംഭരണ മേഖലയിലെ ആധുനികവത്കരണം

*42 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ-സംഭരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തടസ്സമില്ലാതെ തുടർച്ചയായി വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ പ്രസരണ-വിതരണ ശൃംഖലയുടെ ആധുനികവല്ക്കരണവും ശേഷി വർദ്ധനവും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും രാജ്യത്തെ ഊർജ്ജ സംഭരണ പദ്ധതികളിൽ സംസ്ഥാനത്തെ മാതൃകയാക്കി മാറ്റുന്നതിനുതകുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ശരിയായ സംഭരണ സാങ്കേതികവിദ്യ തിരഞ്ഞെടുക്കുന്നതിനും സംഭരണ സംവിധാനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനുമായി നൂതന നയങ്ങൾ, സംരംഭങ്ങൾ എന്നിവ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

*43 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ അതിന്റെ അടിസ്ഥാന കാരണം കണ്ടെത്തി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ബിസിനസ്സ് മോഡലുകൾ പരിശോധിക്കാറുണ്ടോ; ബിസിനസ്സ് മോഡലുകൾ സുസ്ഥിരമല്ലെങ്കിൽ അവയുടെ ഓഹരികൾ വിൽക്കുന്നതിനോ പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് സി. & എ. ജി.-യുടെ 2025-ലെ ഒന്നാമത്തെ റിപ്പോർട്ടിൽ പരാമർശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

## ദേശീയ സഹകരണ നയത്തിലെ വ്യവസ്ഥകൾ

*44 **ശ്രീ വി ശശി**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയെ പൂർണ്ണമായും കേന്ദ്ര നിയന്ത്രണത്തിലാക്കാനുള്ള വ്യവസ്ഥകളുള്ള ദേശീയ സഹകരണ നയം കേന്ദ്ര സർക്കാർ പുറത്തിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനം കടുത്ത വിയോജിപ്പ് രേഖപ്പെടുത്തിയ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഉൾപ്പെടെയുള്ള നിർദേശങ്ങൾ ദേശീയ സഹകരണ നയത്തിലുൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ സംഘങ്ങളെ വിവിധോദ്ദേശ്യ സഹകരണസംഘങ്ങളാക്കി മാറ്റാൻ ദേശീയ സഹകരണ നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സഹകരണ സംഘങ്ങളെ കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ നടപ്പാക്കാനുള്ള ഏജൻസികളാക്കി മാറ്റാൻ സഹകരണ നയത്തിൽ നീക്കമുണ്ടോ; വിശദമാക്കാമോ?

## <u>വൈദ്യുതി ലൈനുകളുടെ സുരക്ഷാ പരിശോധന</u>

*45 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊട്ടിവീണ വൈദ്യുതി കമ്പികളിൽ നിന്നും വൈദ്യുതാഘാതമേറ്റുള്ള മരണങ്ങൾ വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യുതി ലൈനുകളുടെ സുരക്ഷാ പരിശോധന ഫലപ്രദമായ രീതിയിൽ നടത്താൻ സാധിക്കുന്നുണ്ടോ;

(സി) അതിനായി ജീവനക്കാരുടെയും ആവശ്യമായ ഉപകരണങ്ങളുടെയും കുറവ് പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വൈദ്യുതാഘാതം മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## <u>വൈദ്യുതി വിതരണ രംഗത്തെ പ്രവർത്തനങ്ങൾ</u>

*46 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എം. എം. മണി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒൻപത് വർഷക്കാലം വൈദ്യുതി വിതരണ രംഗത്ത് ലോഡ്ഷെഡിംഗും പവർ കട്ടുമില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വേനൽക്കാലത്ത് പീക്ക് ടൈമിലുള്ള അധിക വൈദ്യുതി ഉപഭോഗം നിറവേറ്റുന്നതിനായി സ്വീകരിച്ചു വന്നിരുന്ന പ്രവർത്തനങ്ങൾ ഫലവത്തായിരുന്നോ; വിശദമാക്കാമോ;

(സി) ഈ മേഖലയിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ജി. എസ്. ടി. വരുമാനത്തിലെ കുറവ്</u>

*47 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നടപ്പിലാക്കി എട്ട് വർഷം കഴിഞ്ഞിട്ടും സംസ്ഥാനത്തിന് പ്രതീക്ഷിച്ച ജി. എസ്. ടി. വരുമാന വളർച്ച നേടാൻ സാധിക്കാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ജി. എസ്. ടി. വരുമാന വളർച്ച മുൻവർഷങ്ങളേക്കാൾ നടപ്പ് സാമ്പത്തിക വർഷം കുറഞ്ഞു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ജി. എസ്. ടി. വരുമാനത്തിൽ കുറവ് ഉണ്ടാകുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേന്ദ്ര സർക്കാർ കൊണ്ടുവന്ന ജി. എസ്. ടി. ഘടനാ മാറ്റം സംസ്ഥാനത്തെ ഏത് വിധത്തിലാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>ജി. എസ്. ടി. ഘടനയിലെ മാറ്റങ്ങൾ</u>

*48 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ**
**ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരും ജി. എസ്. ടി. കൗൺസിലും ജി. എസ്. ടി. ഘടനയിൽ വരുത്തിയ മാറ്റങ്ങൾ സംസ്ഥാനത്തിന്റെ ജി. എസ്. ടി. വരുമാനത്തെ ഏത് തരത്തിലാണ് ബാധിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ പരിഷ്കാരങ്ങൾ സംസ്ഥാനത്തെ ജി. എസ്. ടി. വരുമാനത്തിൽ കുറവ് വരുത്തുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## വൈദ്യുതി അപകട രഹിത കേരളം

*49 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ഉൾപ്പടെയുള്ള ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യുതി അപകടങ്ങൾ ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളുടെ സുരക്ഷാ മേഖലയിലെ പ്രവർത്തനങ്ങൾ മാതൃകയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൈദ്യുതി അപകട രഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഇ–സേഫ് കേരള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം പ്രസരണ–വിതരണ ശൃംഖല ആധുനികവത്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി പവർ ക്വാളിറ്റി ഓഡിറ്റ് നടപ്പാക്കുന്നതിനും വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിന് സേഫ്റ്റി ഓഡിറ്റ്, സേഫ്റ്റി സർവ്വേ എന്നിവ നടത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയുടെ പുരോഗതി

*50 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഇതുമൂലം പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ ക്യാമ്പസുകളിലേക്ക് വ്യാപിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) കോളേജ് വിദ്യാർത്ഥികളുടെ ആശയങ്ങൾ വികസിപ്പിച്ച് അവരെ സംരംഭകത്വത്തിലേക്ക് നയിക്കാൻ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## കെ. എസ്. ഇ. ബി. -യിൽ കോൾ സെന്ററുകൾ

*51 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ പരാതികൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും ജീവനക്കാരുടെ ജോലി ഭാരം സംബന്ധിച്ച ഡേറ്റ ശേഖരിക്കുന്നതിനും കെ. എസ്. ഇ. ബി. യിൽ കോൾ സെന്റർ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കോൾ സെന്ററുകളുടെ പ്രവർത്തനത്തിനായി പുറം കരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ജീവനക്കാരുടെ സഹകരണം തേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കോൾ സെന്റർ സംവിധാനം ഏർപ്പെടുത്തുന്നതിന് പുറം കരാർ നൽകുന്നതിലൂടെ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## റീട്ടെയിൽ പണപ്പെരുപ്പം കുറയ്ക്കാൻ നടപടി

*52 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് റീട്ടെയിൽ പണപ്പെരുപ്പം ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം തുടർച്ചയായ ഏഴാം മാസവും മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ റീട്ടെയിൽ പണപ്പെരുപ്പം വർദ്ധിക്കാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് റീട്ടെയിൽ പണപ്പെരുപ്പം കുറയ്ക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## ജി.എസ്.ടി. നിരക്ക് വർദ്ധന

*53 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച, വർദ്ധിപ്പിച്ച ജി. എസ്. ടി. നിരക്കുകൾ നിലവിൽ വരുന്നതോടെ സംസ്ഥാനത്തിന് പ്രതിവർഷം ഉണ്ടാകാനിടയുള്ള സാമ്പത്തിക നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള വിവിധ ധനവിഹിതങ്ങളും മറ്റ് സാമ്പത്തിക സഹായങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഇന്ത്യയ്ക്കുമേൽ അമേരിക്ക അൻപത് ശതമാനം ഇറക്കുമതിത്തീരുവ ഏർപ്പെടുത്തിയ നടപടി സംസ്ഥാനത്തെ മത്സ്യ, കാർഷിക, കയർ, കശുവണ്ടി, കൈത്തറി, സുഗന്ധവ്യഞ്ജന ഉല്പന്നക്കയറ്റുമതിയെ ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എത്രമാത്രം ദോഷകരമായി ബാധിക്കുമെന്ന് സർക്കാർ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ ഗുരുതരമായി ബാധിക്കാനിടയുള്ള സാഹചര്യം കണക്കിലെടുത്ത് സാമ്പത്തിക സമാശ്വാസ പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അനിവാര്യമായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## <u>ശബരിമലയിലെ യുവതി പ്രവേശനം സംബന്ധിച്ച സത്യവാങ്മൂലം</u>

*54 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതി പ്രവേശനം സംബന്ധിച്ച് 2011-2016-ലെ സർക്കാർ നൽകിയ സത്യവാങ്മൂലം 2016-2021-ലെ സർക്കാർ തിരുത്തി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ശബരിമലയിൽ സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിക്ക് അടിസ്ഥാനമായ സംസ്ഥാന സർക്കാരിന്റെ സത്യവാങ്മൂലം പിൻവലിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## <u>കേരള ധനകാര്യ കോർപ്പറേഷന്റെ വികസന ലക്ഷ്യങ്ങൾ</u>

*55 **ശ്രീ. ആന്റണി ജോൺ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ധനകാര്യ കോർപ്പറേഷന്റെ വികസന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ലോൺ പോർട്ട്ഫോളിയോ എത്രയായി ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ;

(ബി) സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാനത്തിന്റെ സമ്പൂർണ്ണ വ്യവസായവൽക്കരണത്തിനായി ഒരു സംയോജിത വികസന പിന്തുണ സൃഷ്ടിച്ചുകൊണ്ട് ഒരു മികച്ച സ്ഥാപനമായി മുന്നേറുവാൻ കേരള ധനകാര്യ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ പ്രവർത്തന ഫലമായി കേരള ധനകാര്യ കോർപ്പറേഷനിലൂടെ ഈ രംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സ്ഥാപിത ശേഷി

*56 **ശ്രീ വി ജോയി**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യ വർഷം തന്നെ സ്ഥാപിത ശേഷി നേടുന്ന ലോകത്തെ അപൂർവ്വം തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ മാറ്റുവാൻ കഴിഞ്ഞിട്ടുണ്ടോ വിശദമാക്കാമോ;

(ബി) പ്രസ്തുത തുറമുഖത്തിന്റെ അടുത്ത ഘട്ടത്തിലെ വികസന പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) രാജ്യത്തെ ട്രാൻസ്ഷിപ്മെന്റ് ഹബ്ബായി വിഴിഞ്ഞത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനും ലോകോത്തര ട്രാൻസ്ഷിപ്മെന്റ് ആവാസ വ്യവസ്ഥ പടുത്തുയർത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

*57 **ശ്രീമതി യു പ്രതിഭ**
**ശ്രീ എം നൗഷാദ്**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ കോർപ്പറേഷനിലെയും കാപെക്സിലെയും കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ആഭ്യന്തര വിപണിയിലും വിദേശ വിപണിയിലും ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ പരിഹരിച്ച് കാഷ്യൂ കോർപ്പറേഷനും കാപെക്സിനും ആഭ്യന്തര വിപണിയിലെ വിൽപ്പന ശക്തിപ്പെടുത്താൻ എത്രമാത്രം കഴിഞ്ഞിട്ടുണ്ട്; പുതിയതായി ഏതൊക്കെ മേഖലയിലെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്;

(സി) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വ്യവസായികളെ സഹായിക്കാൻ വേണ്ടി പ്രഖ്യാപിച്ച പദ്ധതികളുടെ ആനുകൂല്യം കൂടുതൽ പേർക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതിന് നടപടി

*58 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം മുകേഷ്**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതിനും വികസന ലക്ഷ്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുള്ള ആഗോള അയ്യപ്പ സംഗമത്തിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മാനവമൈത്രിയുടെ മകുടോദാഹരണമായ ശബരിമലയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ പൊതു സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്നതിനെതിരെ ആരെങ്കിലും രംഗത്ത് വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ശബരിമലയിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ഡി) ശബരിമല മാസ്റ്റർപ്ലാൻ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ്</u>

*59 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എം.വിജിൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയെ രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിൽ പരിഷ്കരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ ഉല്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി നേടുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കാർഷിക മേഖലയിൽ സഹകരണ വകുപ്പ് നടത്തുന്ന ഇടപെടലുകൾ വിശദീകരിക്കുമോ; കാപ്കോസ്, പാപ്കോസ് സംഘങ്ങളുടെ പ്രവർത്തനം വിലവിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>കെൽട്രോണിന്റെ പ്രവർത്തന പുരോഗതി</u>

*60 **ശ്രീമതി ദെലീമ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലും പ്രതിരോധ മേഖലയ്ക്ക് ആവശ്യമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കെൽട്രോൺ വഹിക്കുന്ന പങ്ക് വിശദമാക്കുമോ ;

(സി) കെൽട്രോൺ നിർമ്മിക്കുന്ന എ. ഐ. ക്യാമറയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കണ്ണൂരിലെ കെൽട്രോണിൽ ആരംഭിച്ച സൂപ്പർ കപ്പാസിറ്റർ നിർമ്മാണ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; ഇവ ഉപയോഗിച്ച് എന്തെങ്കിലും അനുബന്ധ ഉല്പന്നങ്ങൾ നിർമ്മിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 സെപ്റ്റംബർ 9, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].